GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/06/2026

1. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്കിന് കീഴിലുള്ള അഞ്ചൽ, ഇടമുളക്കൽ, അലയമൺ, കരവാളൂർ, ഏരൂർ, കുളത്തൂപ്പുഴ, തെന്മല, ആര്യങ്കാവ് എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 10 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് അഞ്ചൽ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ സുമി ഐ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470355 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർകാവ് കൃഷിഭവനിൽ ഗുണമേൻമയുള്ള WCT തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ കൃഷിഭവനുമായി ബന്ധപ്പെടുക.

3. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി (സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ – SMAM). പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 30 ലക്ഷം രൂപ വരെയുള്ള പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 24 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം അനുവദിക്കുന്നു. കൂടാതെ FRA പട്ടയുള്ള ഗുണഭോക്താക്കൾക്ക് എല്ലാ കാറ്റഗറികളിലും 90% വരെ ആനുകൂല്യങ്ങൾ ലഭ്യമാണ്. അംഗീകൃത ബാങ്കുകളിൽ നിന്ന് വായ്പ

ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് SMAM മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള സബ്സിഡി Back Ended Capital Subsidy ആയി അനുവദിക്കുന്നതാണ്. 2026-2027 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി ജൂലൈ ഒന്നിന് (01/07/2026) രാവിലെ 11 മണി മുതൽ http://agrimachinery.nic.in/ index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'പഴം - പച്ചക്കറി സംസ്കരണം' എന്ന വിഷയത്തിൽ ജൂൺ 29-ന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വിവിധ പഴം-പച്ചക്കറികളിൽ നിന്നുള്ള മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളുടെ നിർമ്മാണം (ജാം, സ്ക്വാഷ്, R T S, അച്ചാർ, ഫ്രൂട്ട് ബാറുകൾ മുതലായവ), വിവിധ പാക്കേജിങ്- സംസ്കരണ യന്ത്രങ്ങൾ, പോഷകഘടക വിശകലനം, ന്യൂട്രിഷൻ ലേബൽ തയ്യാറാക്കൽ, വിപണനം, തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ഉണ്ടായിരിക്കും. നിലവിൽ ഭക്ഷ്യസംസ്കരണ യൂണിറ്റ് ഉള്ളവർക്കും പുതുതായി ആരംഭിക്കാൻ താല്പര്യമുള്ളവർക്കും പങ്കെടുക്കാം. ഫീസ്: 1000 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതായിരിക്കും. താല്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ 8089076698 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 5. കാർഷിക നിർദ്ദേശം

തിരുവാതിര ഞാറ്റുവേല നടീലിന് ഏറ്റവും യോജിച്ച സമയമാണ്. വേരു പിടിപ്പിച്ച കുരുമുളകുവള്ളികൾ, തെങ്ങിൻ തൈകൾ, കൊക്കോ, കശുമാവ്, മറ്റ് ഫലവൃക്ഷ തയ്യുകൾ, എല്ലാംതന്നെ ഈ സമയത്ത് നടാം. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മാത്രമെ ഉപയോഗിക്കാവൂ. നീർവാർച്ച ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.